LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിൽ രണ്ടും ആനകളാണ് വേട്ടയാടപെട്ടിട്ടുള്ളത്. കൂട്ടത്തോടെ ആനകൾ ചരിഞ്ഞിട്ടില്ല.

(ബി) വൈദ്യുതാഘാതമേറ്റ് ആനക്കുട്ടികൾ ചരിഞ്ഞിട്ടില്ല.

(സി) വന്യജീവികളുടെ ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും അവയ്ക്ക് ഭക്ഷണവും വെള്ളവും എല്ലാക്കാലത്തും ലഭ്യമാക്കുന്നതിനും കാട്ടുതീ തടയുന്നതിനും നായാട്ട് തടയുന്നതിനും വേണ്ട ഊർജിതമായ നടപടികൾ പ്രോജക്ട് എലിഫന്റ് എന്ന സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആയുധങ്ങളും വാഹനങ്ങളും വയർലെസ് സെറ്റുകളും കൂടുതലായി നല്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 96(3281) ചിന്നാർ വൈൽഡ് ലൈഫ് സാങ്ചറിയിലെ കാട്ടാനകൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഇടുക്കി ജില്ലയിലെ ചിന്നാർ വൈൽഡ് ലൈഫ് സാങ്ചറിയിൽ 1995-96 ലെ സെൻസസ് പ്രകാരം എത്ര കാട്ടാനകൾ ഉണ്ട്;

(ബി) ഇവയുടെ ആൺ പെൺ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) കാട്ടാനകളുടെ പ്രായം നിർണയിക്കുന്നതെങ്ങനെയാണ്;

(ഡി) കാട്ടാനകളെ ചികിത്സിക്കുന്നരീതി വ്യക്തമാക്കാമോ;

(ഇ) 1995-96 ൽ എത്ര ആനകൾ അസുഖം മൂലം ചരിഞ്ഞിട്ടുണ്ട്;

(എഫ്) ഈ പ്രദേശങ്ങളിൽ ആനവേട്ട പൂർണമായും തടയാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1995-96 വർഷത്തിൽ വന്യജീവി സെൻസസ് നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ആനകളുടെ പല്ലിന്റെ തേയ്മാനം അനുസരിച്ചും ഉയരത്തിന്റെ അടിസ്ഥാനത്തിലുമാണ് പ്രായം കണക്കാക്കുന്നത്.

(ഡി) കാട്ടാനകൾക്ക് എന്തെങ്കിലും രോഗമുണ്ടെന്ന് ശ്രദ്ധയിൽ പെട്ടാൽ മയക്കുവെടിവച്ച് മയക്കി ആവശ്യമായ മരുന്നുകൾ കൊടുക്കുകയാണ് ചെയ്യുന്നത്.

(ഇ) രണ്ട് ആനകൾ അസുഖംമൂലം ചരിഞ്ഞിട്ടുണ്ട്.

(എഫ്) ആനവേട്ട തടയാൻ വന്യമൃഗ സംരക്ഷണ ആക്ട് കർശനമായി നടപ്പാക്കുന്നുണ്ട്. ആനവേട്ട തടയുന്നതിനുവേണ്ടി ചിന്നാറിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് വാഹനവും വയർലസ് സെറ്റും മറ്റ് ആയുധങ്ങളും നല്കുന്നുണ്ട്.

### 97(3282) വന്യജീവി സങ്കേതങ്ങളിൽ വിജ്ഞാനവ്യാപന കേന്ദ്രങ്ങൾ

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) സംസ്ഥാനത്തെ എല്ലാ വന്യജീവി സങ്കേതങ്ങളിലും വിജ്ഞാനവ്യാപനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;